**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി സ്റ്റാൻഡർഡൈസ്ഡ് ഏജൻസി സിസ്റ്റം പ്രകാരമുള്ള ഏജൻറുമാരുടെ അധിക സേവനത്തിനുള്ള പ്രതിഫലത്തിന്റെ പരിധി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം - സി) വകുപ്പ്**

സ.ഉ. (അച്ചടി) നം.79/2017/ധന തീയതി, തിരുവനന്തപുരം, 19.06.2017.

---

പരാമർശം :- 1) 17.03.2017 തീയതിയിലെ സർക്കാർ ഉത്തരവ് നം.സ.ഉ(പി)നം. 38/2017/ധന. നമ്പർ സർക്കാർ ഉത്തരവ്.

2) ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറുടെ 1298/എൻ.എസ്.ബി2/2017 നമ്പർ ഫയൽ.

**<u>ഉത്തരവ്</u>**

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഏജന്റുമാരെ സർക്കാർ മേഖലയിലെ സേവനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച നിബന്ധനകളിൻമേൽ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് ഖണ്ഡിക 2(3) പ്രകാരം മഹിളാപ്രധാൻ/എസ്.എ.എസ് ഏജന്റുമാർ നിർവ്വഹിക്കുന്ന അധിക സേവനത്തിനുള്ള പ്രതിഫലം കണക്കാക്കുന്നതിനുള്ള പരമാവധി പരിധി പ്രതിമാസം 7.50 ലക്ഷം രൂപയായി നിജപ്പെടുത്തിയിരുന്നു.

(2) നിലവിൽ എസ്.എ.എസ്.ഏജന്റുമാർക്ക് കേന്ദ്ര സർക്കാർ ആനുകൂല്യത്തിനു പുറമേ അധിക സേവനത്തിന് സംസ്ഥാന സർക്കാർ അനുവദിക്കുന്ന പ്രതിഫലം 1.1% ആണ്. പരാമർശം (1)-ലെ ഉത്തരവ് പ്രകാരം 7.5 ലക്ഷം രൂപ പരിധി നിശ്ചയിക്കുകയാണെങ്കിൽ ആർ.ഡി. നിക്ഷേപം പോലെ ആവർത്തന സ്വഭാവമില്ലാത്തതിനാൽ വളരെ തുച്ഛമായ തുക മാത്രമേ പ്രതിഫലമായി കിട്ടുന്നുള്ളുവെന്നതുകൊണ്ട് സ്റ്റാൻഡർഡൈസ്ഡ് ഏജൻസി സിസ്റ്റം പ്രകാരമുള്ള

ഏജന്റുമാർ സമാഹരിക്കുന്ന തുകയ്ക്ക് നിശ്ചയിക്കാവുന്ന പരിധി 36 ലക്ഷമായി നിജപ്പെടുത്തണമെന്ന് പരാമർശം (2) പ്രകാരം ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ സ്റ്റാൻഡർഡൈസ്ഡ് ഏജൻസി സിസ്റ്റം പ്രകാരമുള്ള ഏജന്റുമാർ സമാഹരിക്കുന്ന തുകയ്ക്ക് പ്രതിഫലം നൽകാവുന്ന ഉയർന്ന പരിധി 36 ലക്ഷം രൂപയായി നിജപ്പെടുത്തിക്കൊണ്ട് പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 2(3) പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന് 2016 ഡിസംബർ മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മിനി.വി.ആർ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം
5. എല്ലാ ജില്ലാ കളക്ടർമാർക്കും.
6. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
7. എല്ലാ ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസർമാർക്കും
8. നോഡൽ ഓഫീസർ,www.finance.kerala.gov.in
9. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ